**<u>കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം</u>**

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – സർക്കാർ കോളേജുകൾ - ശ്രീ.എം.അജയകുമാർ, ഹെഡ് അക്കൌണ്ടന്റ്, പി.ടി.എം.ഗവണ്മെന്റ് കോളേജ്, പെരിന്തൽമണ്ണ – നിലമ്പൂർ ഗവണ്മെന്റ് കോളേജിൽ സേവന ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

---

**ഉത്തരവ് നം: സി 2/17764/2017/കോ.വി.വ** **തീയതി : 14.02.2020**

---

പരാമർശം :-

1. 06.09.2019-ലെ സി2/17764/2017/കോ.വി.വ നമ്പർ ഉത്തരവ്
2. നിലമ്പൂർ ഗവണ്മെന്റ് കോളെജ് സ്പെഷ്യൽ ഓഫീസറുടെ 26.11.2019-ലെ കത്ത് നം.എ1/09/2016
3. 14.01.2020-ലെ സ.ഉ(സാധ)നം.64/2020/ഉ.വി.വ നമ്പർ ഉത്തരവ്

## <u>ഉത്തരവ്</u>

പരാമർശം(1) ഉത്തരവ് പ്രകാരം നിലമ്പൂർ ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജിൽ സേവനക്രമീകരണ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട പെരിന്തൽമണ്ണ പി.ടി.എം.ഗവണ്മെന്റ് കോളേജിലെ ഹെഡ് അക്കൌണ്ടന്റായ ശ്രീ.എം.അജയകുമാറിന്റെ സേവന കാലാവധി 30.11.2019-ന് അവസാനിക്കുന്നതിനാൽ ടിയാന്റെ സേവനകാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് സൂചന (2) പ്രകാരം നിലമ്പൂർ ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ് സ്പെഷ്യൽ ഓഫീസർ അപേക്ഷിച്ചിരിക്കുന്നു. പരാമർശം 3-ലെ ഉത്തരവ് പ്രകാരം 30.11.2019-വരെയുള്ള ടിയാന്റെ സേവനക്രമീകരണ വ്യവസ്ഥയിലെ നിയമനം സർക്കാർ സാധൂകരിച്ച് നൽകിയിരുന്നു. സേവന ക്രമീകരണ വ്യവസ്ഥയിലെ നിയമനം ദീർഘിപ്പിക്കുന്നതല്ല എന്ന് സർക്കാർ അറിയിച്ച സാഹചര്യത്തിൽ ടിയാനെ 22.01.2020 പ്രാബല്യത്തിൽ തിരികെ പെരിന്തൽമണ്ണ പി.ടി.എം.ഗവണ്മെന്റ് കോളേജിൽ പ്രവേശിപ്പിച്ചു.

നിലമ്പൂർ ഗവണ്മെന്റ് കോളേജിൽ അനദ്ധ്യാപക തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ തസ്തിക ഷിഫ്റ്റ് ചെയ്തു നിയമനം നൽകുവാൻ കഴിയില്ല. അനദ്ധ്യാപക ജീവനക്കാർ ഒരാളുപോലുമില്ലാത്തതിനാൽ കോളേജിന്റെ പ്രവർത്തനം തടസ്സപ്പെട്ടുവെന്നും, കോളേജിലെ വിദ്യാർത്ഥികളുടെ പല പ്രവർത്തനങ്ങളും, പരീക്ഷകളുടെ തയ്യാറെടുപ്പുകളും അവതാളത്തിൽ ആയതായും പ്രിൻസിപ്പാൾ അറിയിച്ചിരുന്നു.

ഓഫീസിൽ അനദ്ധ്യാപക ജീവനക്കാരന്റെ അഭാവം കോളേജ് പ്രവർത്തനരഹിതമാകും എന്നതിനാൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് പെരിന്തൽമണ്ണ പി.ടി.എം.ഗവണ്മെന്റ് കോളേജിലെ ഹെഡ് അക്കൌണ്ടന്റായ ശ്രീ.എം.അജയകുമാറിനെ ഉടൻ പ്രാബല്യത്തിൽ നിലമ്പൂർ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിൽ 3 മാസത്തേയ്ക്ക് സേവന ക്രമീകരണ വ്യവസ്ഥയിൽ, സർക്കാർ സാധൂകരണത്തിന് വിധേയമായി നിയമിച്ച് ഉത്തരവാകുന്നു. ശ്രീ.എം.അജയകുമാറിനെ ഉടൻ പ്രാബല്യത്തിൽ പെരിന്തൽമണ്ണ ഗവണ്മെന്റ് കോളേജ് പ്രിൻസിപ്പാൾ വിടുതൽ ചെയ്യേണ്ടതാണ്.

ഒപ്പ്/-
ഷുജ.ആർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ശ്രീ.എം.അജയകുമാർ,
ഹെഡ് അക്കൌണ്ടന്റ്,
പി.ടി.എം.ഗവണ്മെന്റ് കോളേജ്,
പെരിന്തൽമണ്ണ

പകർപ്പ്:-

1. പ്രിൻസിപ്പാൾ, പി.ടി.എം.ഗവണ്മെന്റ് കോളേജ്, പെരിന്തൽമണ്ണ
2. സിസ്റ്റം മാനേജർ, (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ (എഫ്) വകുപ്പ്, സർക്കാർ കാര്യാലയം, തിരുവനന്തപുരം
4. സ്പെഷ്യൽ ഓഫീസർ, ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, നിലമ്പൂർ
5. നടപ്പ് ഫയൽ / കരുതൽ ഫയൽ

/അംഗീകാരത്തോടെ/
സൂപ്രണ്ട്

പി.ജി:15.02.2020